പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 309 - 25/06/2012-ലെ മറുപടിക്ക്

പ്രത്യേക സാമ്പത്തിക പാക്കേജ്

ചോദ്യം

പ്രൊഫ. സി.രവീന്ദ്രനാഥ്

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. ആർ.രാജേഷ്
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഉത്തരം
ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി).

| | |
|---|---|
| (എ) കേരളത്തിന് പതിനൊന്നായിരം കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര ധനമന്ത്രാലയം അംഗീകരിച്ചിട്ടുണ്ടോ; | (എ) വിവിധ മന്ത്രാലയങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ട ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ഇതിൽ 12-ാം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.03.2011 വരെ ബാക്കി നില്ക്കുന്ന 2924 കോടി രൂപ എഴുതിതള്ളണമെന്നുള്ള ധനകാര്യ മന്ത്രാലയത്തോടുള്ള ആവശ്യവും ഉൾപ്പെടും. ഈ ആവശ്യത്തിന്മേലുള്ള തീരുമാനം സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ല. |
| (ബി) കേരള സർക്കാർ നൽകിയ നിവേദനത്തിലെ ഈ ആവശ്യത്തോട് പ്രധാനമന്ത്രിയുടെ പ്രതികരണം എന്തായിരുന്നു; മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘത്തിന് ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു; | (ബി)ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്നുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ട്. |
| (സി) ഉറപ്പുകളുടെ അടിസ്ഥാനത്തിൽ ഇതിനകം എത്ര കോടി രൂപ ഏതെല്ലാം പ്രത്യേക പാക്കേജുകളിലായി സംസ്ഥാനത്തിന് | കേരള അഗ്രികൾച്ചറൽ സർവ്വകലാ-ശാലയ്ക്കായി 100 കോടി രൂപ 2012-13 ലെ കേന്ദ്ര ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് |

| | |
|---|---|
| മാത്രമായി അനുവദിക്കുകയുണ്ടായി; | പ്രസംഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. ഇടുക്കി പുനരധിവാസ പാക്കേജിനായി 764 കോടി രൂപയുടെ പ്രോജക്റ്റുകൾ സമർപ്പിച്ചതിൽ 238 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചു. ബാക്കി ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര കോടി രൂപ വീതം അനുവദിക്കണമെന്നായിരുന്നു കേരളം ആവശ്യപ്പെട്ടിരുന്നത്? | 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയകളുടെ ഭാഗമായി റവന്യൂ കമ്മി, ധനകമ്മി ഇവയിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി 12-ാം ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തു നല്കിയ കേന്ദ്ര ലോണിൽ 31.3.2011 വരെ ബാക്കി നില്പുണ്ടായിരുന്ന 2924 കോടി രൂപ എഴുതി തള്ളുവാൻ ആശ്യപ്പെട്ടിട്ടുണ്ട്. റോഡുകളുടേയും ദേശീയപാതകളുടേയും വികസനത്തിനായി സംയോജിത റോഡ് വികസന പദ്ധതിയ്ക്കായി 500 മില്യൺ യു.എസ്.ഡോളറിന്റെ എ.ഡി.ബി. ധനസഹായവും കെ.എസ്.ടി.പി-2 പദ്ധതിയ്ക്കായി 1352 കോടി രൂപയുടെ ലോകബാങ്ക് ധനസഹായവും ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, |

| | |
|---|---|
| | കോഴിക്കോട് എൻ.എച്ച് ബൈപാസുകൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ അധിക ധനസഹായം കേന്ദ്ര ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനായി 2500 കോടി രൂപയുടെ ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി (JICA) യുടെ സഹായത്തിന് വേണ്ട ശുപാർശയ്ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. 3000 കോടി രൂപയുടെ വിഴിഞ്ഞം ഇന്റർ നാഷണൽ പോർട്ടിനായി ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഊർജ്ജമേഖലയിലെ പരിഷ്ക്കരണങ്ങൾ, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ പെൻഷൻ ബാദ്ധ്യതയ്ക്കുള്ള സാമ്പത്തിക സഹായം, പവർഹൗസുകളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി 2000 കോടി രൂപയുടെ ധനസഹായത്തിന് ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനവായ്പ ഇനത്തിൽ നൽകിയിട്ടുള്ള 458.86 കോടി രൂപ (മുതലിനത്തിൽ) എഴുതിത്തള്ളുന്നതിനായി ഹഡ്കോയ്ക്ക് നിർദ്ദേശം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക |

| | |
|---|---|
| | സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നു. ഗതാഗത രംഗത്തെ പരിഷ്ക്കാരങ്ങൾക്കും കെ.എസ്.ആർ.ടി.സിയുടെ പുനരുജ്ജീവനത്തിനുമായി 960 കോടി രൂപ ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 250 കോടി രൂപ ഉൾപ്പടെ 477.11 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.